"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/254/2021-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/10/2021

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ ഉപപദ്ധതി നിർവഹണവും ചെലവും - ചെലവ് ശതമാനത്തിൽ ഉണ്ടാകുന്ന കുറവ് പൊതുവിഭാഗം ഫണ്ടിൽ നിന്നും പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.10

***********************

പ്രാദേശിക സർക്കാരുകൾ മുഖേന വിനിയോഗിക്കുന്ന പട്ടികജാതി/പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങൾ വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിനും ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ കർശന വ്യവസ്ഥകൾ ഏർപ്പെടുത്തിയിരുന്നു. എസ്.സി.പി, റ്റി.എസ്.പി തുക നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന്, ചെലവ് ശതമാനത്തിൽ ഉണ്ടാകുന്ന കുറവ് പൊതുവിഭാഗം ഫണ്ടിൽ നിന്നും പരിഹരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ വികസന ഫണ്ട് വിഹിതം പബ്ലിക് അക്കൗണ്ട് മുഖേന ചെലവഴിച്ചിരുന്ന രീതിക്ക് പകരം സഞ്ചിത നിധി മുഖേന ചെലവഴിക്കുന്ന സമ്പ്രദായത്തിലേക്ക് മാറിയ 2015-16 മുതൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഇല്ലാതെയായി. ഈ വ്യവസ്ഥ പുനഃസ്ഥാപിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇത് സർക്കാർ അംഗീകരിച്ച താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :-

പട്ടികജാതി ഉപപദ്ധതി / പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന തുകയിൽ ചെലവഴിക്കാത്ത ഫണ്ട് (ഷോർട്ട് ഫാൾ) തൊട്ടടുത്ത സാമ്പത്തിക വർഷത്തെ പൊതു വിഭാഗം ഫണ്ടിൽ നിന്ന് പരിഹരിക്കേണ്ടതാണ്. 20 ശതമാനം വരെ ക്യാരി ഓവർ സർക്കാർ അനുവദിക്കുന്നതാണ്. അതുകഴിച്ചുള്ള സംഖ്യ ആണ് പൊതുവിഭാഗം വിഹിതത്തിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തേണ്ടത്. ഇത് 2020-21 മുതൽ അനുവദിക്കുന്ന ഫണ്ടുകൾക്ക് ബാധകമാണ്.

ഈ വ്യവസ്ഥ തദ്ദേശ ഭരണസ്ഥാപനങ്ങൾ പാലിക്കേണ്ടതും പട്ടികജാതി/പട്ടികവർഗ ഉപപദ്ധതി ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കേണ്ടതുമാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
11. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 20-10-2021 16:45:49
Reason: Approved

സെക്ഷൻ ഓഫീസർ.